# നഷ്ടപ്പെടുന്ന സഹോദര്യം: പട്ടാപ്പകൽ സമൂഹത്തെ നടുക്കിയ കൂട്ടക്കൊല- ഭരണഘടനാപരമായ വാഗ്ദാനങ്ങളോടു കാട്ടിയ വഞ്ചന

## എക്സിക്യൂട്ടീവ് സമ്മറി/ റിപ്പോർട്ടിന്റെ സാരാംശം

മംഗലാപുരം കുടുപ്പ് ഗ്രാമത്തിൽ ആക്രി സാധനങ്ങളും മറ്റും വിറ്റ് ഉപജീവനമാർഗ്ഗം സ്വീകരിച്ചിരുന്ന ദരിദ്ര്യനും നിരുപദ്രവകാരിയുമായ 39 വയസ്സുള്ള അഷറഫ് എന്ന യുവാവിനെ പട്ടാപ്പകൽ ദാരുണമായി കൂട്ടക്കൊല ചെയ്യപ്പെട്ട സംഭവം റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നു.

കൂടാതെ പോലീസിന്റെയും സംസ്ഥാന സർക്കാറിന്റെ ഭാഗത്തുനിന്നും ഉണ്ടായ അനാസ്ഥയും അന്വേഷണത്തിലെ ഗുരുതരമായ വീഴ്ചകളെയും വിമർശനാത്മകമായി പരിശോധിക്കുന്നു.

അഷ്റഫിന്റെ കൊലപാതകം ദക്ഷിണ കന്നട മേഖലയിലെ വ്യവസ്ഥാപിത നിയമവാഴ്ചയുടെ ദീർഘകാലമായുള്ള തകർച്ചയുടെയും വ്യാപകമായിട്ടുള്ള മത ധ്രുവീകരണത്തിന്റെയും പശ്ചാത്തലത്തിൽ റിപ്പോർട്ട് പരിശോധിക്കുന്നു.

നിയമവാഴ്ച പുനസ്ഥാപിക്കുന്നതിനും, ജീവിക്കാൻ ഉള്ള മൗലീകാവകാശം സംരക്ഷിക്കുന്നതിനും, സർവോപരി മനുഷ്യ ജീവൻറെ മൂല്യം ഉയർത്തിപ്പിടിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെയും ദക്ഷിണ കന്നടയിലെ ജനങ്ങളുടെയും പൊതുസമൂഹത്തിന്റെയും അടിയന്തര ഇടപെടലിനായി റിപ്പോർട്ട് ആഹ്വാനം ചെയ്യുന്നു.

കുറ്റകൃത്യം നടന്ന് രണ്ടുമാസം കഴിഞ്ഞിട്ടും അഷറഫിന് നീതി ലഭിക്കുന്നതിനായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറിനെ നിയമിക്കുന്നതിന് സംസ്ഥാന സർക്കാർ നാളിതുവരെ തയ്യാറായിട്ടില്ല. കൂടാതെ, അഷ്റഫിന്റെ കുടുംബത്തിന് പോസ്റ്റ്മോർട്ടം റിപ്പോർട്ട് പോലും നാളിതുവരെ ലഭ്യമായിട്ടില്ല. Tehseen Poonawalla v UOI and GO Order Number: HD 01 CRR 2023, Bengaluru dated 27.09. 2023 പ്രകാരമുള്ള വിക്റ്റിം കോമ്പൻസേഷൻ നൽകാൻ നാളിതുവരെ സംസ്ഥാന സർക്കാർ മുന്നോട്ടു വന്നിട്ടില്ല.

**I.** ആമുഖം: ഭരണഘടനാപരമായ വാഗ്ദാനങ്ങളോട് കാട്ടിയ വഞ്ചന

2025 ഏപ്രിലിൽ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെ തുടർന്ന് രാജ്യത്ത് വർദ്ധിച്ചുവരുന്ന വർഗീയ സംഘർഷങ്ങളുടെ പശ്ചാത്തലത്തിലാണ് റിപ്പോർട്ട് സംഭവത്തെ പ്രതിപാദിക്കുന്നത്.

പഹൽഗാം ആക്രമണത്തിന് വെറും 5 ദിവസങ്ങൾക്ക് ശേഷമാണ് ഈ സംഭവം നടക്കുന്നത്. വർഗീയവിഷം നിറഞ്ഞ പൊതു മാധ്യമവും രാഷ്ട്രീയ അവലോകനങ്ങളും രാജ്യത്തെ മുസ്ലിം വിരുദ്ധതയിലേക്ക് തള്ളി വിട്ടു. അഷ്റഫിന്റെ കൊലപാതകത്തിന് പിന്നിലെ സത്യം കണ്ടെത്തുന്നതിനും അവതരിപ്പിക്കുന്നതിനുംമായി PUCL- കർണാടക APCR- കർണാടക AILAJ- കർണാടക എന്നീ മനുഷ്യാവകാശ സംഘടനകൾ ആണ് ഈ വസ്തുതാന്വേഷണം നടത്തിയത്.

തീവ്രദേശീയത നിറഞ്ഞ പൊതുമാധ്യമ കവറേജ്, അടിസ്ഥാനരഹിതമായ വർഗീയ പ്രചാരണങ്ങൾ, രാഷ്ട്രീയ പരാമർശങ്ങൾ, പോലീസ് അന്വേഷണത്തിലെ ഗുരുതരമായ വീഴ്ചകൾ എന്നിവയുടെ പശ്ചാത്തലത്തിലാണ് അഷറഫിന്റെ കൊലപാതകത്തിന് പിന്നിലെ സത്യം കണ്ടെത്തുന്നതിനും അവതരിപ്പിക്കുന്നതിനുമായി ഈ വസ്തുതാന്വേഷണസംഘം നിലകൊണ്ടത്.

ദക്ഷിണ കന്നട മേഖലയിൽ പടർന്നു വ്യാപിക്കുന്ന മതവിദ്വേഷത്തിന്റെയും, മതധ്രുവീകരണത്തിന്റെയും, വിദ്വേഷ കുറ്റകൃത്യങ്ങൾക്ക് കൂട്ടുനിൽക്കുന്ന രീതിയിലുള്ള പോലീസിന്റെ സമീപനങ്ങളുമായി റിപ്പോർട്ട് ബന്ധം സ്ഥാപിക്കുന്നു.

**II.** സംഭവങ്ങളുടെ സമയരേഖ:

27 ഏപ്രിൽ 2025, പഹൽഗാം ആക്രമണത്തിന് വെറും അഞ്ചുദിവസങ്ങൾക്കുശേഷം, കർണാടകയിലെ മംഗളൂർ ജില്ലയിൽ കുടുപ്പുവിൽ അഷ്റഫ് എന്ന വ്യക്തി കൊലചെയ്യപ്പെടുന്നു. തുടർന്ന് നടന്ന പ്രധാന സംഭവങ്ങളുടെ സമയരേഖ ചുരുക്കമായി ചുവടെ രേഖപ്പെടുത്തിയിരിക്കുന്നു:

**2025** ഏപ്രിൽ **27,** ഞായറാഴ്ച

- ഉച്ചയ്ക്ക് **2:00 – 5:00 pm**
    - ഭതർഹള്ളി ക്ഷേത്രത്തിനും സമീപത്തെ ക്രിക്കറ്റ് ഗ്രൗണ്ടിനുമിടയിലുള്ള റോഡിൽ വെച്ച് അഷ്റഫ് ആൾക്കൂട്ടമർദ്ദനത്തിന് ഇരയായി കൊല്ലപ്പെടുന്നു.

- വൈകിട്ട് **5:00 – 5:30 pm**
    - മൃതദേഹത്തെപ്പറ്റി പൊലീസ്, എസ്.ബി. സ്റ്റാഫ് (ക്രൈം) എന്നിവർക്ക് വിവരം ലഭിക്കുന്നു.
    - ഡിസിപി (ലോ ആൻഡ് ഓർഡർ വിഭാഗം), പൊലീസ് കമ്മീഷണർ, മറ്റു പൊലീസ് ഉദ്യോഗസ്ഥർ സംഭവ സ്ഥലത്തെത്തുന്നു.
    - പൊലീസ് മഹസർ നടപടികൾ പൂർത്തിയാക്കുന്നു.
    - മരിച്ച വ്യക്തിയെ  തിരിച്ചറിയാൻ ലുക്ക്ഔട്ട് നോട്ടീസ് പുറപ്പെടുവിക്കുന്നു.
    - അസ്വാഭാവിക മരണ റിപ്പോർട്ട് (UDR) ഫയൽ ചെയ്യുന്നു.
    - മരിച്ച വ്യക്തി "പാക്കിസ്ഥാൻ സിന്ദാബാദ്" എന്ന മുദ്രാവാക്യം വിളിച്ചുവെന്ന വ്യാജപ്രചാരണങ്ങൾ പരക്കുന്നു.
- വൈകിട്ട് **5:00 – 6:00**
    - ആൾക്കൂട്ടകൊലപാതകത്തെക്കുറിച്ചും, മുദ്രാവാക്യം വിളിച്ചുവെന്ന വ്യാജപ്രചാരണങ്ങളെക്കുറിച്ചും പ്രാദേശിക മാധ്യമങ്ങൾക്ക് വിവരം ലഭിക്കുന്നു.
    - രാത്രി 7 മണിയോടുകൂടി, മാധ്യമങ്ങളോട് സംസാരിച്ച പൊലീസ് കമ്മീഷണർ ഇത്തരത്തിലുള്ള കിംവദന്തികൾ പ്രചരിപ്പിക്കാതിരിക്കാൻ അഭ്യർത്ഥിക്കുന്നു.

**2025** ഏപ്രിൽ **28,** തിങ്കളാഴ്ച

- രാവിലെ
    - മുൻ കോർപ്പറേറ്ററും കോൺഗ്രസ്സ് നേതാക്കളുമടങ്ങുന്ന ഒരു പൗരസമിതി പോലീസ് സ്റ്റേഷനിൽ എത്തുന്നു.
    - സംഭവിച്ചത് ഒരു ആൾക്കൂട്ടകൊലപാതകമാണെന്ന് മാധ്യമങ്ങൾ സ്ഥിരീകരിക്കുന്നു.
- വൈകിട്ട് **6** മണിക്ക് ശേഷം
    - കൊല്ലപ്പെട്ടവ്യക്തിയെ തിരിച്ചറിയാനായി പുറപ്പെടുവിച്ച ലുക്ക്ഔട്ട് നോട്ടീസ് മാധ്യമങ്ങളിലേക്ക് എത്തുന്നു.
- വൈകിട്ട് **6:30**

- അഷ്റഫിന് ഗുരുതരമായ പരിക്കുകൾ ഇല്ലെന്ന് പൊലീസ് കമ്മീഷണർ ആക്ടിവിസ്റ്റുകളെ അറിയിക്കുന്നു.
- രാത്രി വൈകി, റൂമറുകൾ പ്രചരിപ്പിക്കരുതെന്നും മൃതദേഹം ആരുടെയാണെന്ന് സ്ഥിരീകരിച്ചിട്ടില്ലെന്നും മംഗളൂർ പൊലീസ് കമ്മീഷണർ മാധ്യമങ്ങളെ അറിയിക്കുന്നു.

- രാത്രി **10:00 – 11:30**
    - അഷ്റഫിന്റെ കുടുംബത്തിന്റെ സാന്നിധ്യമില്ലാതെ വെൻലോക്ക് ജില്ലാ ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തുന്നു.
- രാത്രി **11:25**
    - ദീപക് കുമാർ എന്ന വ്യക്തി നൽകിയ പരാതി അടിസ്ഥാനമാക്കി പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്യുന്നു.

**2025** ഏപ്രിൽ **29,** ചൊവ്വാഴ്ച

- രാവിലെ **11:30 AM**
    - 19 പ്രതികളെ അറസ്റ്റു ചെയ്തതിന് ശേഷം പോലീസ് കമ്മീഷണർ മാധ്യമങ്ങളോട് സംസാരിക്കുന്നു; മൃതദേഹം ഇപ്പോഴും തിരിച്ചറിയപ്പെട്ടിട്ടില്ല.
- **2:30 PM**
    - സംഭവിച്ചത് ആൾക്കൂട്ടകൊലപാതകമാണെന്ന് കർണാടക ആഭ്യന്തര മന്ത്രി ഡോ. ജി. പരമേശ്വർ സ്ഥിതികരിക്കുന്നു : (തിരിച്ചറിയാത്ത) ഒരു വ്യക്തി പ്രാദേശിക ക്രിക്കറ്റ് മത്സരം നടക്കുമ്പോൾ "പാക്കിസ്ഥാൻ സിന്ദാബാദ്" എന്ന് മുദ്രാവാക്യം വിളിച്ചുവെന്ന് ആരോപിച്ച് ആൾക്കൂട്ടം മർദ്ദിക്കുകയും തുടർന്ന് മരണപ്പെടുകയുംചെയ്തു എന്നു, ഇതിൽ 10-12 പേരെ അറസ്റ്റു ചെയ്തുവെന്നും; ജനങ്ങളോട് സമാധാനം പാലിക്കാനും നിയമം കൈയിലെടുക്കരുതെന്നും അദ്ദേഹം അഭ്യർത്ഥികുന്നു.
- **4:00 PM**

- പോലീസ് മൃതദേഹം തിരിച്ചറിയുന്നു; അഷ്‌റഫിന്റെ കുടുംബത്തെ പൊലീസ് വിവരം അറിയിക്കുന്നു.

- രാത്രി **10:00**

  - 6 പ്രതികളെ കൂടി പോലീസ് അറസ്റ്റ് ചെയ്യുന്നു.

**2025** ഏപ്രിൽ **30,** ബുധനാഴ്ച

- പുലർച്ചെ **12:30**

  - അഷ്‌റഫിന്റെ കുടുംബം മംഗളൂരിലെത്തുന്നു.

- പുലർച്ചെ **3:30**

  - അഷ്‌റഫിന്റെ സഹോദരൻ ഉൾപ്പെടെ മൂന്ന് കുടുംബാംഗങ്ങൾ വെൻലോക്ക് മൊർച്ചറിയിൽ മൃതദേഹം തിരിച്ചറിയുന്നു. ഒപ്പിട്ട് മൃതദേഹം കൈമാറുന്നു.

- **11:30 AM**

  - അഷ്‌റഫിന്റെ ഖബറടക്കം ചൊലക്കുണ്ടു ജുമാ മസ്ജിദ്, കോട്ടക്കൽ, മലപ്പുറം ജില്ലയിൽ നടക്കുന്നു.

- **3:00 PM**

  - മുഖ്യമന്ത്രി സിദ്ധരാമയ്യ പ്രതികരിക്കുന്നു: " "പാക്കിസ്ഥാൻ സിന്ദാബാദ്" മുദ്രാവാക്യം ആരെങ്കിലും വിളിച്ചിട്ടുണ്ടെങ്കിൽ, അത് തെറ്റാണ്. അന്വേഷണം നടക്കുന്നു. കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് വന്നാൽ എന്ത് നടപടി സ്വീകരിക്കണം എന്ന് വ്യക്തമാകും. പാക്കിസ്ഥാനെ അനുകൂലിച്ചുപറയുന്നത് രാജ്യദ്രോഹമാണ്."
  - 25 പ്രതികളിൽ 20 പേർ അറസ്റ്റിലായിട്ടുണ്ടെന്ന് പൊലീസ് കമ്മീഷണർ അറിയിക്കുന്നു. അറസ്റ്റിൽ ആയവർ: ടി. സചിൻ, മഞ്ജുനാഥ്, സൈദീപ്, നിതേഷ് കുമാർ, ദീക്ഷിത് കുമാർ, സന്ദീപ്, വിവിയൻ അൽവാരസ്, ശ്രീദത്ത, രാഹുൽ, പ്രദീപ് കുമാർ, മനീഷ് ഷെട്ടി, ധനുഷ്, ദീക്ഷിത്, കിഷോർ കുമാർ, യതിരാജ്, സച്ചിൻ, അനിൽ, സുഷാന്ത്, ആദർഷ്.

- രാത്രി ഏകദേശം **8:30**-യോടെ
    - ആഭ്യന്തരമന്ത്രി വിശദീകരണം നൽകുന്നു.

**2025** മെയ് **1,** വ്യാഴാഴ്ച

- മുൻ മന്ത്രിയും ദക്ഷിണ കന്നഡയിലെ മുതിർന്ന കോൺഗ്രസ്സ് നേതാവുമായ രാമനാഥ് റായ് ആൾക്കൂട്ടകൊലപാതകത്തിൽ അന്വേഷണത്തിനായി പ്രത്യേക അന്വേഷണ സംഘത്തെ (SIT) നിയമിക്കണം എന്ന് ആവശ്യപ്പെടുന്നു.
- അന്വേഷണത്തിൽ വീഴ്ച വരുത്തി, കേസ് രജിസ്റ്റർ ചെയ്യാതിരുന്ന ഇൻസ്പെകടർ ചന്ദ്രയെയും മറ്റു രണ്ടു പോലീസ് കോൺസ്റ്റബിൾസിനെയും പോലീസ് കമ്മിഷണർ സസ്പെൻഡ് ചെയ്യുന്നു. ദീപക് എന്ന വ്യക്തി സംഭവം നടന്ന ഉടനെ തന്നെ പൊലീസിനെ അറിയിച്ചിരുന്നു എന്ന് പിന്നീടുള്ള അന്വേഷണത്തിൽ വ്യക്തമാകുന്നു.

**III** ആശങ്കാജനകമായ കണ്ടെത്തലുകൾ

താഴെപ്പറയുന്ന ആശങ്കാജനകമായ കണ്ടെത്തലുകൾ വസ്തുതന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി

1. പൊതുജന നിസ്സംഗത

എഫ്ഐആറിൽ 20 പേരുടെ പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംഭവം നടന്ന സമയം പൊതു മൈതാനത്തിൽ ക്രിക്കറ്റ് മത്സരം നടക്കുകയും ഉണ്ടായി. എന്നാൽ സംഭവസ്ഥലത്ത് ഉണ്ടായിരുന്ന ആരും ആൾക്കൂട്ട ആക്രമണം തടയാനോ പോലീസിനെ വിളിക്കാനോ ശ്രമിച്ചില്ല എന്നത് ആശങ്കാജനകമാണ്

2. ഭയസാന്ദ്രമായ അന്തരീക്ഷം

കുറ്റകൃത്യം നടന്ന സ്ഥലത്തുണ്ടായിരുന്ന ആളുകളാണ് ആൾക്കൂട്ട ആക്രമണത്തേകുറിച്ച് പ്രാദേശിക നേതാക്കൾക്ക് വിവരം നൽകിയത്. ഇത് വിഷയം വെളിച്ചത്ത് കൊണ്ടുവന്നെങ്കിലും വസ്തുതാന്വേഷണ സംഘം അവരോട് സംസാരിക്കാൻ നടത്തിയ ശ്രമങ്ങൾ ഒന്നും തന്നെ ഫലം

കണ്ടില്ല. വസ്തുതകൾ തുറന്നുപറയാൻ ആളുകൾ സധൈര്യം മുന്നോട്ട് വരാൻ മടിക്കുന്നത് പ്രദേശത്ത് വ്യാപകമായ ഭയത്തിന്റെയും വെറുപ്പിന്റെയും അന്തരീക്ഷത്തെ സൂചിപ്പിക്കുന്നു

3. സംസ്ഥാന സർക്കാറിന്റെ പിന്തുണയോടു കൂടിയുള്ള തെറ്റായ വിവരണം.

അഷ്റഫ് 'പാക്കിസ്ഥാൻ സിന്ദാബാദ് ' വിളിച്ചു എന്ന തെറ്റായ വാദം നിയമവാഴ്ചയോട് തെല്ലും ആദരവില്ലാതെ സംസ്ഥാന ആഭ്യന്തരമന്ത്രി തന്നെ ആദ്യം സംപ്രേക്ഷണം ചെയ്യുകയും പിന്നീട് മാധ്യമങ്ങൾ അതു വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തത് വളരെയധികം ആശങ്കാജനകമാണ്.

4. പോലീസിന്റെ അനാസ്ഥ

കുറ്റകൃത്യം നടന്ന സ്ഥലത്ത് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ(ക്രമസമാധാനം), പോലീസ് കമ്മീഷണറും ഉണ്ടായിരുന്നിട്ടും ഉടൻതന്നെ FIR രജിസ്റ്റർ ചെയ്യുന്നതിൽ അവർ പരാജയപ്പെട്ടത് കർത്തവ്യത്തിലെ ഗണ്യമായ വീഴ്ചയെയും കുറ്റകൃത്യത്തിന് കൂട്ട് നിന്നിട്ടുണ്ടാകാം എന്ന സാധ്യതയും എടുത്ത് കാട്ടുന്നു.

**IV.** അന്വേഷണത്തിലെ അപാകതകൾ : ഭരണ വ്യവസ്ഥകളുടെ വീഴ്ച

ഫാക്ട് ഫൈൻഡിങ് സംഘം പോലീസ് അന്വേഷണത്തിൽ ഗൗരവമായ നിരവധി വീഴ്ചകൾ കണ്ടെത്തി:

- വൈകിയ എഫ്ഐആർ രജിസ്ട്രേഷൻ:

  ക്രൂരമായ കൊലപാതകത്തിന്റെ തെളിവുകൾ ഉണ്ടായിരുന്നിട്ടും, പൊലീസ് അന്വേഷണം ആരംഭിച്ച ഘട്ടത്തിൽ എഫ്ഐആർന് (FIR) പകരം അസ്വാഭാവിക മരണ റിപ്പോർട്ട് (UDR) രജിസ്റ്റർ ചെയ്തു. ഈ വൈകിയ നടപടിയിലൂടെ ഉണ്ടായ വീഴ്ച പ്രധാന തെളിവുകൾ നശിപ്പിക്കപ്പെടാൻ ഇടവരുത്തുകയും, കുറ്റവാളികൾക്ക് ഒളിവിൽ പോകുവാൻ സമയം നൽകുകയും ചെയ്തു. നിയമപ്രകാരം മജിസ്ട്രേറ്റിന് അയയ്ക്കേണ്ടിയിരുന്ന UDR ആ ഘട്ടത്തിൽ അയച്ചിരുന്നില്ല.

- മാധ്യമ സഹകരനത്തോട് കൂടി തെറ്റായ വിവരണം പ്രചരിപ്പിച്ചു:

  കർണാടക ആഭ്യന്തര വകുപ്പ് മന്ത്രി അഷ്റഫ് “പാക്കിസ്ഥാൻ സിന്ദാബാദ്” എന്ന് വിളിച്ചുവെന്ന സ്ഥിരീകരിക്കപ്പെടാത്തതും വളച്ചൊടിച്ചതുമായ ആരോപണം പ്രചരിപ്പിച്ചിരുന്നു. ചില മാധ്യമങ്ങൾ ഈ നറേറ്റീവ് ശക്തിപ്പെടുത്തിയതോടെ, ക്രൂരകുറ്റത്തിൽ നിന്നുള്ള ശ്രദ്ധ തിരിക്കുകയും പകരം

ഇരയായ അഷ്റഫിനെ ഭീകരനായി ചിത്രീകരിക്കുകയുമായിരുന്നു. ഇതിലൂടെ അഷ്റഫിന്റെ കുടുംബത്തിന് അത്യന്തം മാനസികമായ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നു.

- സംഭവ സ്ഥലത്തെ കൃത്യതയുടെ അഭാവം:

ഫാക്ടഫൈൻഡിങ് സംഘം ശേഖരിച്ച സാക്ഷിമൊഴികളുടെയും ഫോട്ടോകളുടെയും അടിസ്ഥാനത്തിൽ മനസിലാക്കാൻ കഴിയുന്നത് , പൊലീസ് മൃതദേഹത്തിന് സമീപം ക്രിക്കറ്റ് കളിച്ചിരുന്നവരെയും അവരുടെ ഇരുചക്രവാഹനങ്ങളെയും കണ്ടെത്തിയിരുന്നു എന്നാണ്. എന്നിരുന്നാലും, സംഭവസ്ഥലത്തെ അടിയന്തരമായി സുരക്ഷിതമാക്കാനോ, സംഭവസ്ഥലത്ത് ഉണ്ടായിരുന്ന എല്ലാവരെയും അന്വേഷണത്തിന് ഭാഗമായി ചോദ്യം ചെയ്യാനോ, വാഹനങ്ങളുടെ വിവരങ്ങൾ ശേഖരിക്കനോ (സിസിടിവി ഉൾപ്പെടെ) യാതൊരു നടപടിയും സ്വീകരിച്ചില്ല. ഇതെല്ലാം അന്വേഷണത്തിൽ മനപൂർവമായി വരുത്തിയ വീഴ്ചകളുടെ സൂചനയാണ്.

- രേഖകളുടെയും വിവരങ്ങളുടെയും അഭാവം:

അസ്വാഭാവിക മരണ റിപ്പോർട്ടിന്റെയും (UDR) പോസ്റ്റ്മോർട്ടം റിപ്പോർട്ട്ന്റെയും പകർപ്പുകൾ അഷ്റഫിന്റെ കുടുംബത്തിന് നൽകിയിരുന്നില്ല. നഗരത്തിലെ മുതിർന്ന ഉദ്യോഗസ്ഥർ ഇൻസ്പെക്ടറിനൊപ്പം സംഭവസ്ഥലത്ത് ഉണ്ടായിരുന്നിട്ടും, ആൾക്കൂട്ടകൊലപാതകത്തെ സംബന്ധിച്ച് അവർക്ക് അറിയില്ലായിരുന്നു എന്ന പൊലീസിന്റെ വാദം സംശയാസ്പദമാണ് — കാരണം സസ്പെൻഷൻ ഉത്തരവുകൾ പ്രകാരം ഇസ്പെക്ടർക്ക് ആൾക്കൂട്ടകൊലപാതക്കം സംബന്ധിച്ച് ധാരണയുണ്ടായിരുന്നു എന്നാണ് വ്യക്തമാകുന്നത്. ആയതിനാൽ ഔദ്യോഗികകൃത്യനിർവഹണനത്തെകുറിച്ചും, മനപ്പൂർവ്വമായി സത്യത്തെ മൂടിവെക്കാനുള്ള സാധ്യതകളെ കുറിച്ചും ഗുരുതരമായ ചോദ്യങ്ങൾ ഉയരുന്നു.

- ഒളിവിൽ പോയ പ്രധാന പ്രതികൾ:
- മുൻ ബി.ജെ.പി കോർപ്പറേറ്ററുടെ ഭർത്താവായ രവീന്ദ്ര നായക്, സംഭവ സമയത്ത് ക്രിക്കറ്റ് മത്സരത്തിന്റെ മുഖ്യ സംഘാടകരി ലൊരാളായിരുന്നു എന്ന് സാക്ഷിമൊഴികളുണ്ട്. അദ്ദേഹം സംഭവ സ്ഥലത്ത് ഉണ്ടായിരുന്നുവെന്നും, പിന്നീട് ഒളിവിൽ പോയതായും പറയപ്പെടുന്നു. എന്നാൽ എഫ്.ഐ.ആറിൽ ഉടനടി അദ്ദേഹത്തിന്റെ പേര് ഉൾപ്പെടുത്തിയിരുന്നില്ല. ആയത് കേസിനോടുള്ള പൊലീസ്ന്റെ സമീപനത്തെയും, അതിലെ അനാസ്ഥയെയും കുറിച്ച് ഗൗരവമായ ആശങ്കകൾ ഉയർത്തുന്നു.
- സുപ്രീംകോടതി നിർദേശങ്ങളോടുള്ള അവഗണന:

ആൾകൂട്ട അക്രമങ്ങളുമായി ബന്ധപ്പെട്ട സുപ്രീംകോടതിയുടെ തഹ്സീൻ പൂനാവാല വിധി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി നിയുക്തനായിരിക്കുന്ന ഡെപ്യൂട്ടി പൊലീസ് കമ്മീഷണർ(ലോ ആൻഡ് ഓർഡർ ) പ്രസ്തുത വിധിയെക്കുറിച്ച് പ്രാവീണ്യമില്ലായെന്നും അത് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തി എന്നാണ് റിപ്പോർട്ട് വ്യക്തമാകുന്നത്. മേൽപറഞ്ഞ വീഴ്ച, ആൾക്കൂട്ട അക്രമങ്ങൾ തടയാനും, നേരിടാനും ആവശ്യമായ സുപ്രധാന നിയമനിർണ്ണയങ്ങൾ പാലിക്കുന്നത്തിലെ ഒരു സംവിധാനംതല പരാജയമാണ് വെളിവാക്കുന്നത്.

- സാങ്കേതികത്വത്തെ ആധാരപ്പെടുത്തിയുള്ള ജാമ്യം:

ആദ്യ എഫ്ഐആറിൽ പ്രതികളുടെ പേരുകൾ ചേർക്കാതിരുന്നതിനാലും, എഫ്ഐആർ ഫയൽ ചെയ്യുന്നതിൽ ഉണ്ടായ താമസം, കുറ്റകൃത്യത്തിന് പ്രേരണയില്ലെന്ന മുൻവിധി എന്നിവയെ ആധാരമാക്കി നിരവധി പ്രതികൾക്ക് ഇതുവരെ ജാമ്യം ലഭിച്ചു. ഈ സാഹചര്യത്തിൽ കര്യങ്ങൾ എത്താൻ കാരണം പ്രധാനമായും പൊലീസ് അന്വേഷണത്തിലെ വീഴ്ചകളാണ്. സുപ്രധാന തെളിവുകൾ ശേഖരിക്കാതിരിക്കുകയും ദൃഢമായ ഒരു കേസ് ഒരുക്കുന്നതിന് അനിവാര്യമായ ശ്രദ്ധയും തിട്ടക്കവും കാണിക്കാതിരുന്നതും ഇതിൽ ഉൾപ്പെടും.

**V.** സാഹോദര്യത്തിന്റെയും നിയമവാഴ്ചയുടെയും തകർച്ച:ദീർഘകാലമായ പ്രത്യാഘാതങ്ങൾ

- ന്യൂനപക്ഷങ്ങളോടുള്ള മനുഷ്യത്വരഹിത സമീപനം:

മതന്യൂനപക്ഷങ്ങളെ ലക്ഷ്യമിട്ട് നടത്തുന്ന വിദ്വേഷ പ്രചരണങ്ങളുടെ ആഘാതവും വ്യാപ്തിയും ഈ സംഭവം വ്യക്തമായി വെളിപ്പെടുത്തുന്നു. ആൾക്കൂട്ടക്കൊലപാതകത്തിന് ശേഷം ക്രിക്കറ്റ് കളിയിലേക്ക് മടങ്ങിപ്പോകുന്ന പ്രതികളുടെ ലാഘവവും പശ്ചാത്താപത്തിന്റെ അഭാവവും പൊതുജന മനസ്സാക്ഷിയുടെ തകർച്ചയെ അടിവരയിട്ടു കാണിക്കുന്നു.

- നിയമവാഴ്ചയുടെ തകർച്ച:

ഭരണാധിഷ്ഠിത സ്ഥാപനങ്ങൾ, പ്രത്യേകിച്ച് പോലീസിന്റെ ഭാഗത്ത് നിന്ന് നിയമവാഴ്ച ഉയർത്തിപ്പിടിക്കുന്നതിൽ ഗുരുതരമായ വീഴ്ചകൾ സംഭവിച്ചിരിക്കുന്നു. എഫ്ഐആർ ഇടുന്നതിൽ ഉണ്ടായ കാലതാമസം, അന്വേഷണത്തിന്റെ തെറ്റായ ദിശ, സാങ്കേതിക കാരണങ്ങളാൽ പ്രതികൾക്ക് ജാമ്യം ലഭിക്കുന്ന സാഹചര്യം എന്നിവ സൂചിപ്പിക്കുന്നത് പൗരന്മാരെ സംരക്ഷിക്കാനും കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനും തയ്യാറാകാത്തതോ കഴിവില്ലാത്തതോ ആയ ഒരു സംവിധാനത്തെയാണ്.

- നിയമവാഴ്ചയോടുള്ള  നിന്ദയും സാമൂഹിക വർണ്ണ വിവേചനവും:

അഷ്‌റഫിന്റെ കൊലപാതകത്തിന് ഉത്തരവാദികളായവർ നിയമത്തെ ഭയമില്ലാത്ത മനോഭാവത്തിൽ പ്രവർത്തിച്ചു എന്നതും കാഴ്ചക്കാർ ഇടപെട്ടില്ല എന്നതും ഇത്തരം ആക്രമണങ്ങൾക്ക് സ്വീകാര്യത കൽപ്പിക്കുന്ന, വർണ്ണവിവേചനത്തിന്റെ വേരുകൾ ആഴത്തിൽ താഴ്ന്നിറങ്ങിയ സമൂഹത്തെ സൂചിപ്പിക്കുന്നു. ജാഗ്രത ഗ്രൂപ്പുകളുടെയും നിയമസംവിധാനങ്ങളുടെയും തെറ്റായ ഇടപെടൽ കാരണം ദക്ഷിണ കന്നഡയിൽ മതന്യൂനപക്ഷ സമൂഹത്തിൽ പെട്ടവർക്ക് തുല്യമായ പൗരാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം സംജാതമായിരിക്കുകയാണ്.

- രാഷ്ട്രീയക്കാർ വിദ്വേഷ പ്രചരണങ്ങൾ യാതൊരു ഭയവും കൂടാതെ നടത്തുന്ന സാഹചര്യം:

രാഷ്ട്രീയക്കാർ വിദ്വേഷം വളർത്തുന്ന രീതിയിലുള്ള പ്രവർത്തികൾ നടത്തുന്നത് ശിക്ഷിക്കപ്പെടാതെ  പോകുന്ന സാഹചര്യം റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു. ആഭ്യന്തരമന്ത്രിയുടെ വസ്തുതാവിരുദ്ധമായ പ്രാരംഭ പ്രസ്താവന തന്നെ അതിനുള്ള ഒരു ഉത്തമ ഉദാഹരണമാണ്.

- വിദ്വേഷത്തിന്റെ അനന്തരഫലങ്ങൾ:

ഈ സംഭവത്തിനുശേഷം ദക്ഷിണ കന്നടയിൽ ഉണ്ടായ രണ്ടു കൊലപാതകങ്ങൾ വിദ്വേഷപ്രചരണങ്ങളുടെ  അനന്തരഫലങ്ങളുടെ നേർക്കാഴ്ചയായി മാറിയിരിക്കുകയാണ്. സുപ്രീംകോടതി നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും ഇത്തരം വിദ്വേഷ പ്രചരണങ്ങൾക്കെതിരെ പോലീസ് നിഷ്ക്രിയത്വം പാലിക്കുന്നത് ഗുരുതരമായ ആശങ്കകൾ ഉയർത്തുന്നു.

**VI. ശുപാർശകൾ:** മാനുഷിക്കതയുടെ  പുനർനിർമ്മാണത്തിനുള്ള ആഹ്വാനം

റിപ്പോർട്ട് സമാപിക്കുന്നത് ദക്ഷിണ കർണാടകയിൽ  നീതി, മാനവികത , നിയമവാഴ്ച  എന്നിവ അടിയന്തിരമായി  പുനസ്ഥാപിക്കുകയും,  ദൂരവ്യാപകമായ നിലനിർത്തലിന് പ്രാപ്തമാക്കുന്ന  നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുന്ന ആഹ്വാനത്തോടെയാണ്.

സംസ്ഥാന സർക്കാറിനോട്:

1. തെഹ്സീൻ പൂനവാല **v** യൂണിയൻ ഓഫ് ഇന്ത്യ [**AIR 2018 SC 3354**] എന്ന സുപ്രീംകോടതി വിധിയിൽ പറയുന്ന എല്ലാ മുൻകരുതലുകളും പരിഹാരങ്ങളും ശിക്ഷാ നടപടികളും കർശനമായി നടപ്പാക്കുക.

2. ഈ കേസിന്റെ അന്വേഷണം ഉടനടി സിഐഡിക്ക് (**CID**) കൈമാറുക.
3. മംഗളൂരു റൂറൽ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ **37/25**ന്റെ വിചാരണയ്ക്കായി പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടറെ ഉടൻ നിയമിക്കുക.
4. തെഹ്സീൻ പൂനവാല വിധിയിലും **GO Order No: HD 01 CRR 2023, Bengaluru, 27.09.2023** ലും പറയുന്നതുപോലെ മുഹമ്മദ് അഷ്റഫിന്റെ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം നൽകുക. 5.
5. ദക്ഷിണ കന്നഡ ജില്ലയിൽ സിവിൽ സൊസൈറ്റിയുമായി ചേർന്നുകൊണ്ട് ഉപദേശസമിതി രൂപീകരിക്കുക - വർഗീയത , വിദ്വേഷ പ്രസംഗം, വ്യാജവാർത്തകൾ എന്നിവയുമായി ബന്ധപ്പെട്ട ആശങ്കകൾ മനസ്സിലാക്കുന്നതിനും, അവ പരിഹരിക്കുന്നതിനും , പുതിയതായി രൂപീകരിച്ച ആന്റി-കമ്മ്യൂണലിസം ഫോഴ്സ് എങ്ങനെ ഫലപ്രദമായി പ്രവർത്തിക്കാമെന്ന് ഈ സമിതി നിർണയിക്കേണ്ടതുമാണ്.
6. മൊബ് ലിഞ്ചിംഗുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കാൻ ഫാസ്റ്റ് ട്രാക്ക് കോടതി സ്ഥാപിക്കുക.
7. **Shakti Vahini vs Union of India** [**AIR 2018 SC 1601**] കേസിൽ സുപ്രീംകോടതി നൽകിയ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കുക.
8. ആഭ്യന്തര മന്ത്രാലയം പുറത്തിറക്കിയ **2008**ലെ കമ്മ്യൂണൽ ഹാർമണി ഗൈഡ്ലൈൻസുകൾ കർശനമായി നടപ്പാക്കുക.
9. പോലിസ് സേന പ്രദേശത്തിന്റെ സാമൂഹിക ഘടനയെ പ്രതിനിധീകരിക്കുന്നതായിരിക്കണമെന്നും, പോലിസ് ഉദ്യോഗസ്ഥരും ഭരണകൂട ഉദ്യോഗസ്ഥരും തെളിയിക്കപ്പെട്ട സത്യസന്ധത , കാര്യക്ഷമത, നിഷ്പക്ഷത, രാഷ്ട്രീയനിരപേക്ഷത എന്നീ ഗുണങ്ങൾ ഉള്ളവരായിരിക്കണമെന്നും ഉറപ്പാക്കണം. പോലിസ് സേനയുടെ പരിശീലന പരിപാടിക്ക് പുനപരിശോധന നടത്തുകയും, മതേതരത്വവും, സമുദായ സൗഹാർദ്ദവും പോലിസ് സേനയിൽ വളർത്തുന്ന മനോഭാവങ്ങൾ രൂപപ്പെടുത്തുന്നതിനായി പ്രത്യേക പരിശീലനവും ഓറിയന്റേഷനും സംഘടിപ്പിക്കണമെന്നും ഉറപ്പാക്കേണ്ടതുണ്ട്. ആഭ്യന്തര മന്ത്രാലയം 2008-ൽ പുറത്തിറക്കിയ **Guidelines on Communal Harmony** പ്രകാരമായും, അതിനെ അംഗീകരിച്ച് പരാമർശിച്ച **Pravasi Bhalai Sanghatan v. Union of India AIR 2014 SC 1591** എന്ന സുപ്രീം കോടതി വിധിയുമായി അനുബന്ധമായി ഈ നടപടി സ്വീകരിക്കണം.
10. കർണാടക സർക്കാർ നിയമവാഴ്ച ഉറപ്പാക്കുകയും, വിജിലാന്റിസത്തിന്റെ നിയമങ്ങളിൽ പ്രേരിതമാകാതെ കമ്മ്യൂണൽ ആക്രമണങ്ങളിൽ പങ്കെടുത്ത എല്ലാ ഹിന്ദുത്വ സംഘടനകളുടെയും

അംഗങ്ങൾക്കെതിരെ ഭാരതീയ ന്യായ സംഹിതയിലെ വ്യവസ്ഥകൾ പ്രകാരം കർശന നടപടികൾ സ്വീകരിക്കണമെന്നും ഉറപ്പ്നൽകണം.

ജില്ലാ ഭരണാധികാരികൾക്ക്:

1. ജില്ലാ കമ്മ്യൂണൽ ഹാർമണി സെൽ സ്ഥാപിക്കുക – പോലിസ്, സിവിൽ സൊസൈറ്റി, വിദ്യാർത്ഥി യൂണിയനുകൾ, വനിതാ ഗ്രൂപ്പുകൾ എന്നിവയുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക.
2. ഡെപ്യൂട്ടി കലക്ടർ ന്യൂനപക്ഷ വിഭാഗങ്ങളുമായുള്ള സ്ഥിരമായ സംവാദത്തിലൂടെ വിശ്വാസം സ്ഥാപിക്കുന്ന നടപടികൾ ആരംഭിക്കേണ്ടതുണ്ട്. പരാതിപരിഹാരത്തിനായി പ്രത്യേക ദിവസങ്ങൾ മാറ്റിവെക്കേണ്ടതാണ്.
3. പ്രസ് ക്ലബിനൊപ്പം ചേർന്ന് മാധ്യമസ്ഥാപനങ്ങളെയും പത്രപ്രവർത്തകരെയും കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് (നിയന്ത്രണ ) നിയമത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രേരിപ്പിക്കുക.
4. ജില്ലയിലെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും , പഞ്ചായത്തുകളുമായും ചേർന്ന്, അവയുടെ പരിധിയിൽ സമാധാന യോഗങ്ങൾ സംഘടിപ്പിക്കുക.

ജില്ലാ പോലീസ് ഭരണകൂടത്തിന്

1. (എ) ഫയൽ ചെയ്ത വർഗീയ സംഘർഷ എഫ്ഐആറുകളുടെ എണ്ണം

(ബി) അന്വേഷണങ്ങൾ തീർപ്പുകൽപ്പിക്കാത്തത്,

(സി) വിദ്വേഷ പ്രസംഗം/ലിഞ്ചിംഗ് വ്യവസ്ഥകൾ പ്രകാരമുള്ള പ്രോസിക്യൂഷനുകൾ എന്നിവയുടെ നിരീക്ഷണത്തിനായി പൊതു ഓൺലൈൻ ട്രാക്കർ സ്ഥാപിക്കുക - അങ്ങനെ സിവിൽ സമൂഹത്തിന് തുടർനടപടികൾ നിരീക്ഷിക്കാൻ കഴിയും.

2. ഷഹീൻ അബ്ദുള്ള vs യൂണിയൻ ഓഫ് ഇന്ത്യ കേസിൽ സുപ്രീം കോടതി നിർദ്ദേശിച്ച പ്രകാരം എഫ്ഐആറിൽ സ്വമേധയാ രജിസ്റ്റർ ചെയ്യുന്നത് ഉറപ്പാക്കുക (W.P. (സിവിൽ) നമ്പർ 943/2021 ലെ ഉത്തരവ് 28.04.2023).

3. വിദ്വേഷ കുറ്റകൃത്യങ്ങൾ, വർഗീയ പോലീസിംഗ് അല്ലെങ്കിൽ വർഗീയ അക്രമം എന്നിവയുമായി ബന്ധപ്പെട്ട ഓരോ കേസിലും എഫ്ഐആർ രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക, ഇരകൾ പരാതി

നൽകാൻ ഭയപ്പെടുന്ന സന്ദർഭങ്ങളിൽ, അതിനെക്കുറിച്ച് സ്വമേധയാ പരാതി രജിസ്റ്റർ ചെയ്യുക. ഇതിനായി ഒരു സർക്കുലർ പുറപ്പെടുവിക്കണം.

4. കിംവദന്തികൾ, വിദ്വേഷ പ്രസംഗങ്ങൾ, സംശയാസ്പദമായ ഒത്തുചേരലുകൾ എന്നിവ റിപ്പോർട്ട് ചെയ്യുന്നതിന് ഒരൊറ്റ നമ്പർ/ആപ്പ് പരസ്യപ്പെടുത്തുക - പോലീസ് കൺട്രോൾ റൂമിൽ മുന്നറിയിപ്പ് ലഭിക്കുന്ന രീതിയിൽ.

5. വിദ്വേഷ കുറ്റകൃത്യങ്ങളുടെയും വർഗീയ പോലീസിംഗിന്റെയും എല്ലാ കേസുകളിലും അന്വേഷണം വേഗത്തിൽ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

6. വിദ്വേഷ കുറ്റകൃത്യങ്ങളും വർഗീയ പോലീസിംഗും സംബന്ധിച്ച ആശങ്കകൾ പ്രത്യേകമായി പരാമർശിച്ചുകൊണ്ട്, സംസ്ഥാനത്തെ നിയമവാഴ്ച സംരക്ഷിക്കുന്നതിന് പോലീസിന് പരിശീലനം നൽകുകയും ബോധവൽക്കരണം നൽകുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക.

7. എല്ലാ പൗരന്മാർക്കും അവരുടെ മൗലികാവകാശങ്ങൾ ഭയമില്ലാതെ വിനിയോഗിക്കാൻ കഴിയുമെന്ന് ഉറപ്പാക്കുകയും ദക്ഷിണ കന്നഡയെ പിടികൂടിയിരിക്കുന്ന, അവിടുത്തെ പൗരന്മാർക്ക് അവരുടെ മൗലികാവകാശങ്ങൾ വിനിയോഗിക്കുന്നതിൽ നിന്ന് തടസ്സമുണ്ടാക്കുന്നതുമായ ഭയാന്തരീക്ഷം ഇല്ലാതാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

8. പുതുച്ചേരി പോലീസ് ചെയ്തതിന് സമാനമായി, ആൾക്കൂട്ട കൊലപാതകങ്ങളെക്കുറിച്ചുള്ള സുപ്രീം കോടതിയുടെ തെഹ്സീൻ പൂനവല്ല വിധി നടപ്പിലാക്കാൻ ഒരു എസ്ഒപി ( SOP) പുറപ്പെടുവിക്കുക.

വർഗീയ വിഭജനം രൂക്ഷമാകുന്ന ഇത്തരം സാഹചര്യങ്ങളിൽ, സിവിൽ സമൂഹത്തോട്, പ്രത്യേകിച്ച് ശ്രദ്ധാലുക്കളായ പൗരന്മാരോട്, മനുഷ്യത്വത്തിന്റെ പാലങ്ങൾ പണിയാനും, സംസ്ഥാനത്തിന്റെയും പോലീസ് ഭരണകൂടത്തിന്റെയും പ്രവൃത്തികൾക്കും/നിഷ്ക്രിയത്വങ്ങൾ നിരീക്ഷിക്കാനും, വേണ്ടി വന്നാൽ പ്രതികരിക്കാനും ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

മുഹമ്മദ് അഷ്റഫിന്റെ കൊലപാതകത്തിന് ഉത്തരവാദികളായവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരാൻ ഉള്ള ശ്രമമാണ് ഈ വസ്തുതാന്വേഷണ റിപ്പോർട്ട്. ദക്ഷിണ കന്നഡ മേഖലയിലെ മുസ്ലിങ്ങൾ വർഗീയ

പ്രചരണങ്ങൾ കാരണം മനുഷ്യത്വരഹിതമായ യാതനകൾ അനുഭവിക്കുന്ന സാഹചര്യത്തിൽ "നഷ്ടപ്പെട്ടുപോകുന്ന സാഹോദര്യത്തിന്റെ " ഓർമപ്പെടുത്തൽ കൂടെ ആണ് ഈ റിപ്പോർട്ട്. ഈ വിദ്വേഷ കുറ്റകൃത്യത്തിൽ ഭരണ സംവിധാനത്തിന്റെ പങ്കാളിത്തവും റിപ്പോർട്ട് വെളിപ്പെടുത്തുന്നു.

മുഹമ്മദ് അഷ്റഫിന്റെ സഹോദരൻ ജബ്ബാറിന്റെ വാക്കുകളിൽ, "ഇത് അവസാനത്തെ ആൾക്കൂട്ടക്കൊലയായിരിക്കണം. ഇനി ഒരിക്കലും ആരും ആൾക്കൂട്ടക്കൊലയ്ക്ക് ഇരയാകരുത്. അവനെ ആൾക്കൂട്ടക്കൊല ചെയ്തവരെല്ലാം അവരുടെ കുറ്റകൃത്യത്തിന് വില നൽകണം. ആൾക്കൂട്ടക്കൊലയ്ക്കും വിദ്വേഷത്തിനുമെതിരെ ശക്തമായ സന്ദേശം അയയ്ക്കുമ്പോഴാണ് അഷ്റഫിന് യഥാർത്ഥ നീതി ലഭിക്കുന്നത്."

You can read the full report at:
https://pucl.org/wp-content/uploads/2025/06/Lost-Fraternity-A-Mob-Lynching-in-Broad-Daylight-PUCL-June-2025.pdf